# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VIII** | **DEPARTMENT: MALAYALAM** | **DATE: 13-08-2023** |
| **Class Note** | **Lesson: 3** | **Topic:** മാൻമാർക്ക് കുട |

**<u>അർത്ഥം എഴുതുക</u>**

അകായ് = വീടിനകം

അന്ധകാരം = ഇരുട്ട്

വിനിർഗളിക്കുക = പുറത്തേക്ക് വരിക

വിവശ = ക്ഷീണിത

അർത്ഥം = പൊരുൾ

ആശാൻ = അധ്യാപകൻ

ഇരക്കുക = യാചിക്കുക

ജ്യോതിസ്സ് = പ്രകാശം

നയനം = കണ്ണ്

ശപഥം = പ്രതിജ്ഞ

ഹേതു = കാരണം

കൊണ്യാരം = കിന്നാരം

തെല്ലിട = അൽപ സമയം

നിശീഥിനി = രാത്രി

കിനാവ് = സ്വപ്നം

കെഞ്ചുക = യാചിക്കുക

കൃതജ്ഞത = നന്ദി

**<u>വിപരീതപദം എഴുതുക</u>**

ചെറിയ X വലിയ

ഇണക്കം X പിണക്കം

പുറത്ത് X അകത്ത്

ഇത്തിരി X ഒത്തിരി

രക്ഷ X ശിക്ഷ

വിജ്ഞാനം X അജ്ഞാനം

ഉറക്കെ X പതുക്കെ

കൊളുത്തുക X കെടുത്തുക

**<u>പര്യായപദങ്ങൾ എഴുതുക</u>**

കാറ്റ് -- മാരുതൻ, പവനൻ, തെന്നൽ

കണ്ണ് – നയനം, നേത്രം, മിഴി

പൂവ് -- സുമം, കുസുമം, മലർ

രാത്രി – നിശ, രജനി, രാവ്

കുട്ടി – ശിശു, അർഭകൻ, കുഞ്ഞ്

മനസ്സ് – മനം, അന്തരംഗം, ചിത്തം

**<u>എതിർലിംഗം എഴുതുക</u>**

പെൺകുട്ടി X ആൺകുട്ടി

അമ്മ X അച്ഛൻ

**<u>അർത്ഥവ്യത്യാസം എഴുതുക</u>**

1. അർത്ഥം = പൊരുൾ

   അർദ്ധം = പകുതി

2. കനിവ് = ദയ

   കിനാവ് = സ്വപ്നം

**<u>പിരിച്ചെഴുതുക</u>**

കച്ചത്തോർത്ത് → കച്ച + തോർത്ത്

ഓലക്കുട → ഓല + കുട

കിനിഞ്ഞിറങ്ങിയ → കിനിഞ്ഞ് + ഇറങ്ങിയ

ഭാവിയെപ്പറ്റി → ഭാവിയെ + പറ്റി

തൂക്കിയിട്ട → തൂക്കി + ഇട്ട

**<u>ചേർത്തെഴുതുക</u>**

എഴുതി + തന്നു → എഴുതിത്തന്നു

പറന്ന് + എത്തിയ → പറന്നെത്തിയ

തീ + പൊരി → തീപ്പൊരി

ആൾ + ഒഴിഞ്ഞ → ആളൊഴിഞ്ഞ

പറയാൻ + ആവില്ല → പറയാനാവില്ല

**<u>ഉത്തരം എഴുതുക</u>**

1. വി. ടി എടുത്ത ശപഥം എന്തായിരുന്നു ?

    വിജ്ഞാനം നേടിയേ അടങ്ങൂ എന്ന ശപഥമാണ് വി.ടി എടുത്തത്.

2. ഏതു വാചകം വായിച്ചപ്പോഴാണ് വി. ടി യുടെ മനസ്സിൽ നിന്ന് ആഹ്ളാദധ്വനി വിനിർഗളിച്ചത് ?

    കടലാസിൽ അച്ചടിച്ചിരുന്ന'മാൻ മാർക്ക് കുട' എന്ന വാചകം വായിച്ചപ്പോഴാണ് വി .ടി യുടെ മനസ്സിൽ നിന്ന് ആഹ്ളാദധ്വനി വിനിർഗളിച്ചത് .

3. പെൺകുട്ടി ചോദിച്ച സഹായമെന്ത് ?

    മാസ്റ്റർ ഗൃഹപാഠമായി നൽകിയ കണക്ക് പറഞ്ഞുകൊടുത്തു സഹായിക്കുമോ എന്നാണ് പെൺകുട്ടി വി.ടി യോട് ചോദിച്ചത്.

4. വി. ടി ലജ്ജിതനായതെന്തു കൊണ്ട് ?

    അക്ഷരം വായിക്കാനറിയാത്തതു കൊണ്ടാണ് വി. ടി . ലജ്ജിതനായത്.

5. 'മാൻമാർക്ക് കുട' എന്ന പാഠഭാഗം എഴുതിയതാര് ?

    'മാൻമാർക്ക് കുട' എന്ന പാഠഭാഗം എഴുതിയത് വി.ടി.ഭട്ടതിരിപ്പാടാണ്.

6. ഏത് കൃതിയിൽ നിന്നെടുത്തിട്ടുള്ള പാഠമാണ് 'മാൻമാർക്ക് കുട' ?

    'കണ്ണീരും കിനാവും' എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ള പാഠമാണ് മാൻമാർക്ക് കുട.

7. വി. ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത് ?

    വി. ടി. തിയ്യാടി പെൺകുട്ടിയുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത്.

*****